# 55

# "തുലാസിൽ തൂക്കി"

## (18:3-17, 22-24)

ബാബേൽ രാജാവായിരുന്ന ബെൽശസർ തന്റെ മഹത്തുക്കളായ ആയിരം പേർക്ക് ഒരു വിരുന്ന് ഒരുക്കി.[1] വിരുന്നിന്റെ മൂർദ്ധന്യാവസ്ഥയിൽ, യെരുശലേം ദൈവാലയത്തിൽനിന്നു കൊണ്ടുവന്ന പൊന്നുകൊണ്ടും വെള്ളി കൊണ്ടും ഉണ്ടാക്കി ഉപയോഗിച്ചിരുന്ന പാത്രങ്ങൾ കൊണ്ടുവരുവാൻ കല്പിച്ചു. ആ പാത്രങ്ങൾ കണ്ടപ്പോൾ വീണ്ടു കുടിച്ചു മത്തരായ വിരുന്നുകാർ എബ്രായരുടെ ദൈവത്തെ പരിഹസിച്ച് അട്ടഹസിക്കുവാൻ തുടങ്ങി.[2] എങ്ങനെയായാലും, കൈതൊടാത്ത ഒരെഴുത്ത് ചുമരിൽ തെളിഞ്ഞതോടെ അവരുടെ അട്ടഹാസം മാഞ്ഞുപോയി: "മെനേ,[3] മെനേ,[4] തെക്കേൽ ഉർഫസിൻ"[5] (ദാനിയേൽ 5:25).

ആ വാക്കുകൾക്ക് മൂന്ന് അർത്ഥമുണ്ടെന്നാണ് രാജാവിനോട് പറഞ്ഞത്: (1) ദൈവം അവന്റെ രാജത്വം എണ്ണി, അതിന്ന് അന്തം വരുത്തിയിരിക്കുന്നു (വാ. 26); (2) തുലാസിൽ അവനെ തൂക്കി, ... കുറവുള്ളവനായി കണ്ടിരിക്കുന്നു (വാ. 27; കെജെവി); (3) അവന്റെ രാജ്യം വിഭാഗിച്ച് മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു (വാ. 28). ആ രാത്രിയിൽ തന്നെ ബാബേൽ രാജാവായിരുന്ന ബെൽശ്ശെസർ കൊല്ലപ്പെട്ടു (വാ. 30; ന്യു ലിവിങ്ങ് ട്രാൻസിലേഷൻ). പ്രവചിച്ചതുപോലെ, ബാബേൽ രാജ്യം മേദ്യരുടേയും-പാർസികളുടേയും കൈകളിലായി (വാ. 31).

പുതിയനിയമത്തിൽ, ബാബേലിന്റെ പകർപ്പായിരുന്ന റോമാ നഗരത്തെ "മഹതിയാം ബാബിലോൻ" എന്നാണ് വെളിപ്പാടിൽ, വിളിച്ചിരിക്കുന്നത്.[6] റോമിന്റെ ചുവരെഴുത്ത് നമുക്ക് അദ്ധ്യായം 18-ൽ കാണാം. ദാനിയേൽ റസൽ പറഞ്ഞു, "മനസിലാക്കുവാൻ എളുപ്പമുള്ള അദ്ധ്യായങ്ങളിൽ ഒന്നാണ് ഇത്."[7] അതെ വേദഭാഗം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞിരിക്കുന്നു: ബാബിലോൻ (അതായത്, റോം) നശിപ്പിക്കപ്പെടും. അദ്ധ്യായത്തെ മുഴുവനായി നമുക്ക് പിന്നീട് അവലോകനം നടത്താം. ഇപ്പോൾ അവിടെ റോമിനെ കുറിച്ചു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കാം.[8] ദൈവത്തിന്റെ ന്യായമായ തുലാസിൽ ദൈവം ബാബിലോനെ തൂക്കി നോക്കിയപ്പോൾ, അതിൽ കുറവ് കണ്ടെത്താൻ കാരണമെന്ത്? എല്ലാ നഗരങ്ങൾക്കും - എല്ലാ പൗരന്മാർക്കും ആവശ്യമായ പാഠങ്ങൾ അദ്ധ്യായം 18-ൽ ഉൾപ്പെട്ടിരിക്കുന്നു.

### ആകർഷകമാണ്, പക്ഷെ നശിക്കുന്നു

### (18:5, 7, 14, 16, 22, 23)

നമ്മുടെ വേദഭാഗത്ത്, റോമിനെ "ഒരു രാജ്ഞിയോട് ഉപമിച്ചിരിക്കുന്നു" (വാ. 7). "അവൾ നേരിയ തുണിയും ധൂമ്രവസ്ത്രവും കടുഞ്ചുവപ്പും ധരിച്ചിരുന്നു"[9] (വാ. 16). "അവൾക്ക് സ്വാദും ശോഭയും" ഉണ്ടായിരുന്നു എന്ന് വാക്യം 14 പറയുന്നു (എൻഈഡബ്). റോമിനുണ്ടായിരുന്ന "പെരുമ" യെ കുറിച്ച് അമേരിക്കൻ കവി എഡ്ഗൽ അലൻ പോ എഴുതി,[10]

പുതിയനിയമകാലയളവിൽ റോം വളർന്ന് സമൃദ്ധി പ്രാപിച്ചിരുന്നു ... കുലീനാധിപത്യം ... മൂന്നു വൻകരകളിലെ ഉപനഗരവീടുകളിൽനിന്നും നാട്ടിൻപുറത്തെ തോട്ടങ്ങളിൽനിന്നുമുള്ള വരുമാനത്താലുള്ള ലാഭം നിമിത്തമായിരുന്നു. നഗരത്തിന്റെ കേന്ദ്രഭാഗം കൈസർമാർ ... പിന്നീട് ഒരു തലസ്ഥാനത്തും ഉണ്ടാകാത്ത വിധത്തിൽ പൊതു മന്ദിരങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു.[11]

ലോകമെങ്ങുമുള്ള കലാഭിരുചിയുള്ള കലാകാരന്മാരുടേയും സാഹിത്യ കാരന്മാരുടേയും കേന്ദ്രമായിരുന്നു റോം. “വൈണികന്മാർ, വാദ്യക്കാർ, കുഴ ലൂത്തുകാർ, കാഹളക്കാർ” എന്നിവരുടെ ശബ്ദം നഗരത്തിൽ അങ്ങിങ്ങായി കേൾക്കാമായിരുന്നു (വാ. 22). പ്രഗത്ഭരായ ശില്പികളുടെ സൃഷ്ടികൾ കൊണ്ട് കാഴ്ച്ച മനോഹരമാക്കിയിരുന്നു (വാ. 22). റോം ദീപങ്ങൾ കൊണ്ടു പ്രകാശിതവും പ്രവൃത്തികൾകൊണ്ട് അവിടെയുള്ളവരെ ആനന്ദമഗ്നരാക്കി (വാ. 22, 23). സന്ദർശകർക്ക് ഏതു മൂലയും പുതു വിസ്മയമായിരുന്നു.

നിർഭാഗ്യവശാൽ, റോം മനോഹരം മാത്രമായിരുന്നില്ല, മോശവുമായിരു ന്നു. അവളുടെ പാപം “ആകാശത്തോളം[12] ഉയർന്നിരുന്നു” എന്നാണ് വാക്യം 5 പറയുന്നത്[13] അനേകം വർഷങ്ങൾക്ക് മുൻപ് മനുഷ്യർ ആകാശത്തോളം എത്തുന്ന ഒരു ഗോപുരം പണിയുവാൻ ശ്രമിച്ചു (ഉൽപത്തി 11). ഇഷ്ടിക കൊ ണ്ട് ബാബേൽ നിവാസികൾക്ക് കഴിയാതിരുന്നത് മഹതിയാം ബാബിലോന് പാ പം കൊണ്ട് കഴിഞ്ഞു.

റോമിലുള്ള ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതിയപ്പോൾ, തന്റെ കാലത്തെ സമൂഹത്തിന്റെ - പാപപങ്കിലസ്വഭാവത്തെ വിവരിച്ചിരിക്കുന്നു, അതായിരുന്നു റോമിനെ നയിച്ചിരുന്നത്:

അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹ ങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏൽപിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ അവർ സൃഷ്ടിയെ ഭജിച്ച് ആരാ ധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ ആമേൻ.

അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏൽപിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കി മാറ്റിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്ത്രീഭോഗം വിട്ട് അന്യോ ന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ ഫലം തങ്ങളിൽ തന്നെ പ്രാപിച്ചു.

ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമല്ലാത്തതിനു തക്ക വണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏൽപിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവർ, അസൂയ, കുല, പിണക്കം, കപടം, ദുശീലം, എന്നിവ തിങ്ങിയവർ. കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധി ഹീനർ, നിയമലംഘികൾ, വാൽസല്യമില്ലാത്തവർ, കനിവറ്റവർ. ഈവക

> പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല, പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കകൂടെ ചെയ്യുന്നു (റോമർ 1:24-32).

തോമസ് ഫുള്ളർ പറഞ്ഞു, "പാപത്തിൽ വീഴുന്ന മനുഷ്യൻ," "അവൻ അതിൽ ദുഃഖിച്ചു തിരിയുന്നവൻ, വിശുദ്ധനാകുന്നു." എന്നാൽ "പാപത്തിൽ പ്രശംസിക്കുന്നവൻ, പിശാചാകുന്നു."[14] റോം പാപം ചെയ്യുക മാത്രമല്ല, അവൾ അതിൽ അഹങ്കരിച്ചിരുന്നു. വെളിപ്പാട് 17 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിൽ, റോമിന്റെ വ്യാപകമായ ധാർമ്മികാധപ്പതനവും ചാപല്യവും വരച്ചുകാണിച്ചിരിക്കുന്നു, എന്നാൽ വില്യം ബാർക്കലേ പറഞ്ഞു, "റോമിനെ കുറിച്ച് യോഹന്നാൻ വിവരിക്കുന്നത് വാസ്തവത്തിൽ, റോം തങ്ങളെ വരച്ചുവച്ചതുപോലെയാണ് റോമിനെ താരതമ്യം ചെയ്തിരിക്കുന്നത്."[15]

ശലോമോൻ പറഞ്ഞു, "നീതി ജാതിയെ ഉയർത്തുന്നു, പാപമോ വംശങ്ങൾക്ക് അപമാനം" (സദൃശവാക്യങ്ങൾ 14:34). അവളുടെ "മഹത്വകരമായ സൗന്ദര്യം," "വാടുന്ന പൂവാണെന്ന്" റോം മനസിലാക്കും (യെശയ്യാവ് 28:1; കെജെവി), ''നീതികേട് വിതെക്കുന്നവൻ ആപത്തു കൊയ്യും'' (സദൃശവാക്യങ്ങൾ 22:8; എൻഐവി). ജ്ഞാനിയുടെ വാക്ക് കടമെടുത്താൽ "ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവുമാകുന്നു, എന്നാൽ യഹോവാ ഭക്തിയുള്ളവർ പ്രശംസിക്കപ്പെടും" (സദൃശവാക്യങ്ങൾ 31:30).

## ശക്തമാണ്, പക്ഷെ വഷളാക്കി
## (18:3, 9, 11-17, 23)

17, 18, 19 എന്നീ അദ്ധ്യായങ്ങളിൽ, റോമിന്റെ ദൂര-വ്യാപകമായ സ്വാധീനശക്തിയെ വെളിപ്പെടുത്തുന്നു. അവൾ ഭൂമിയിലെ വംശങ്ങളെ വാണിരുന്നു (17:1, 15); അവൾ അധികാരമുണ്ടായിരുന്നവരെ അധികാരമില്ലാത്തവരാക്കി മാറ്റി (17:18). റോമിന്റെ കോടതിയുടെ സ്വാധീനം സാമ്രാജ്യത്തിന്റെ മുക്കിലും മൂലയിലുമെത്തി. ലോകത്തിലെ വ്യവസായങ്ങളെല്ലാം ആ നഗരത്തിന്റെ കീഴിലാക്കി (18:11-17). "ഓസ്റ്റിയയിലെ, റോമിന്റെ തുറമുഖം, വ്യവസായ കമ്പനികളുടെ ഓഫീസുകൾ നിരനിരയായി കേന്ദ്രീകരിച്ചിരുന്നു, ... അതായിരിക്കണം സാമ്രാജ്യത്തിന്റെ ഏറ്റവും വലിയ ശക്തികേന്ദ്രം."[16]

നല്ല റോമിന് എത്ര ശക്തി ഉണ്ടായിരുന്നിരിക്കണം! എങ്ങനെയായാലും, അവൾ വംശങ്ങളെ ഉയർത്തുന്നതിനുപകരം, അവരെ താഴ്ത്തുകയായിരുന്നു. ദൂതൻ പറഞ്ഞു, "അവളുടെ വേശ്യാവൃത്തിയുടെ ക്രോധമദ്യം സകലജാതികളും കുടിച്ചു. ഭൂമിയിലെ രാജാക്കന്മാർ അവളോട് വേശ്യാസംഗം ചെയ്യുകയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകുകയും ചെയ്തു" (18:3). "ഭൂമിയിലെ രാജാക്കന്മാർ അവളോട് ... വേശ്യാസംഗം ചെയ്തു" എന്ന്, വീണ്ടും വാക്യം 9-ൽ പറയുന്നു. ഗ്രീക്ക് വാക്ക് തർജിമ ചെയ്ത വേശ്യാസംഗം എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥം "ദുർന്നടപ്പ്" എന്നാണ്. ഇതിൽ ഭൗതികവും ആത്മികവുമായ പരസംഗം പ്രത്യേകിച്ച് ചക്രവർത്തിയാരാധനയും ഉൾപ്പെടുന്നു. അവളുടെ പരസംഗത്താൽ അവൾ ലോകത്തെ മുഴുവൻ വഷളാക്കിയിരുന്നു (19:2 നോക്കുക.)

റോം അവളുടെ, "ആഭിചാരത്താൽ" ലോകത്തെ മുഴുവൻ വഞ്ചിച്ചു എന്നാണ് വാക്യം 23 പറയുന്നത്. കള്ളപ്രവാചകൻ[17] ഉപയോഗിച്ച വ്യാജ

അത്ഭുതങ്ങളായിരിക്കാം “ആഭിചാരം” എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരുപക്ഷെ, “അവളുടെ ആഭിചാരം” ഭൂവാസികളിന്മേലായിരുന്നു എങ്കിലും, അവൾ സകലജാതികളേയും “ആഭിചാരത്താൽ” വ്യാജ സുരക്ഷിതത്വം നൽകി.[18] “ദൈവത്തോടൊപ്പം സമ്പാദ്യവും ആഡംബരവും ചേർത്ത് കൊണ്ടുപോയാൽ അവസാനം നിങ്ങൾക്ക് സുരക്ഷിതത്വമുണ്ടാകുമെന്ന്”[19] പറഞ്ഞു സകല ജാതികളെയും വഴി തെറ്റിക്കുവാൻ അവൾക്കു [കഴിഞ്ഞു]. അവളുടെ “തെറ്റായ നിലവാരവും വസ്തുക്കളെ നമസ്ക്കരിക്കുന്നതും”[20] ജാതികൾ സ്വീകരിക്കത്തക്കവണ്ണം അവൾ അവരെ ആകർഷിച്ചിരുന്നു.

നന്മക്കോ അല്ലെങ്കിൽ തിന്മക്കോ സ്വാധീനിക്കുന്നത് റോം ആദ്യത്തേതോ അവസാനത്തേതോ അല്ല. ഒന്നുകിൽ സഹായിക്കുന്നതിനോ അല്ലെങ്കിൽ ഉപദ്രവിക്കുന്നതിനോ സ്വാധീനം ഉപയോഗിക്കുവാൻ ഓരോ നഗരത്തിനും - ഓരോ പൗരനും കഴിയും. ക്രിയാത്മകമായ സ്വാധീന ശക്തി വിവരിക്കുവാൻ യേശു ഉപ്പിനേയും വെളിച്ചത്തേയും ചിത്രീകരിക്കുകയുണ്ടായി (മത്തായി 5:13-16). നിഷേധ സ്വാധീനശക്തിയെ ഊന്നിപ്പറയുവാൻ പൗലൊസ് പുളിച്ച മാവിനെ എടുത്തു കാണിച്ചിരിക്കുന്നു (1 കൊരിന്ത്യർ 5:6; ഗലാത്യർ 5:9). “ഒരു സാധാരണ മനുഷ്യന് ഈ ഭൂമിയിൽ വന്ന് മൊത്തത്തിൽ സന്തോഷം കൂട്ടുവാനോ കുറക്കുവാനോ കഴിയാതെ ജീവിക്കുക പ്രയാസമാണ്,”[21] എന്ന് ഏലീഹൂ ബറിറ്റ് പറഞ്ഞു.

നിങ്ങൾക്ക് സ്വാധീനശക്തിയില്ലെന്നു വിചാരിച്ചേക്കാം, പക്ഷെ ഉണ്ട്. “ഒരു ചെറിയ മുടിനാരിഴക്ക് പോലും ഒരു നിഴൽ പുറപ്പെടുവിക്കുവാൻ കഴിയും.” ജ്ഞാനമുള്ളവർ തങ്ങളുടെ സ്വാധീനം ഉപയോഗിക്കുന്നതു ഇടിച്ചുകളയുവാനല്ല, പണിയുവാനായിരിക്കും.

### പ്രചാരത്തിലാണ്, പക്ഷെ നിഗളമാണ് (18:7)

ഒരു പുരാതനമായ ചൊല്ല് പറയുന്നത് “എല്ലാ റോഡുകളും റോമിലേക്കുള്ളത്” എന്നാണ്. പുരാതന റോമാ നഗരത്തിന്റെ “സുവർണ്ണ മൈൽക്കുറ്റിയുടെ” നാശാവശിഷ്ടങ്ങൾക്കരികിൽ ഞാൻ നിന്നിട്ടുണ്ട്. ആ മൈൽക്കുറ്റിമേൽ സാമ്രാജ്യത്തിന്റെ പുറത്തുള്ള മുഖ്യസ്ഥലങ്ങൾ എവിടെയെല്ലാമെന്ന് രേഖപ്പെടുത്തിയിരുന്നു. അവയെല്ലാമായും ഈ മുഖ്യ നഗരമായ റോമുമായി ബന്ധിപ്പിച്ചിരുന്നു. ദശലക്ഷക്കണക്കിന് ആളുകൾ ലക്ഷ്യമിട്ടിരുന്ന നഗരമായിരുന്നു റോം.

നിർഭാഗ്യവശാൽ, അവളുടെ പ്രചാരം അവളെ നിഗളമുള്ളവളാക്കി മാറ്റി. വാക്യം 7 പറയുന്നു “അവൾ തന്നെത്താൽ മഹത്വപ്പെടുത്തി, ... കാരണം അവൾ തന്റെ ഹൃദയത്തിൽ പറയുന്നു, ‘രാജ്ഞി ആയിട്ട് ഞാൻ ഇരിക്കുന്നു, ഞാൻ വിധവയല്ല,[22] ദുഃഖം കാൺകയുമില്ല’ എന്ന് അവൾ ഹൃദയത്തിൽ പറയുന്നു.[23] ഞാൻ തുടർച്ചയായി വാഴും, ഞാൻ മരിക്കയില്ല, എന്റെ മക്കളും മരിക്കയില്ല” എന്ന് അവൾ ഉള്ളംകൊണ്ട് പറയുന്നു. “നിത്യനഗരം” എന്നത് ഫ്ളാവിയൻ വംശത്തിന്റെ ലക്ഷ്യമായിരുന്നു; ആ വാക്കുകൾ നാണയങ്ങളിലും മറ്റു മേലെഴുത്തുകളിലും എഴുതപ്പെട്ടിരുന്നു.

റോമിന്, ശക്തിയും, സൗന്ദര്യവും, പ്രചാരവുമുണ്ടായിരുന്നെങ്കിലും, അവളുടെ ഈ ദാനങ്ങളുടെ ഉറവിടമായ ദൈവത്തെ തിരിച്ചറിയാതിരുന്നതായിരുന്നു റോമിന്റെ പ്രശ്നം. അവൾ സ്വയം പര്യാപ്തമാണെന്നാണ് അവൾ വിശ്വസിച്ചിരുന്നത്. ജി. ബി. കെയിഡ് പറഞ്ഞത്, “റോമിന്, നിഗളം മാത്രമായി

രുന്നില്ല, അവളുടെ അമിതമായ വിഭവങ്ങളിൽ കുറവുണ്ടാകയില്ല എന്ന അതിരു കവിഞ്ഞ ആത്മവിശ്വാസമായിരുന്നു അവൾക്കുണ്ടായിരുന്നത്"[24] എന്നാണ്.

റോമിനെ പോലെ തന്നെയാണ് അനേകം വ്യക്തികളും. ഞാൻ ആസ്ട്രേലിയയിൽ താമസിച്ചിരുന്നപ്പോൾ, അവിടത്തുകാരായ പലരും പറഞ്ഞിരുന്നത്, ദൈവത്തെ കൂടാതെ തന്നെ ഞങ്ങൾക്ക് സുഖമായി ജീവിക്കാം എന്നാണ്. പലരും വിശ്വസിച്ചിരുന്നത്, "ഞങ്ങൾക്ക് സൂര്യനുണ്ട്, വേണ്ടതായ മറ്റു സാമൂഹ്യഭദ്രതയുമുണ്ട്, പിന്നെ എന്തിനാണ് ദൈവം" എന്നാണ് ചിലരുടെ ഭാവം. അത്തരം കാഴ്ച്ചപ്പാട് ആസ്ട്രേലിയയിൽ മാത്രമല്ല, ലോകത്തിൽ മിക്ക ഭാഗത്തുമുണ്ട്. മോശമായ എന്തിനും ദൈവത്തെ പഴിക്കുന്നവരെക്കൊണ്ട് നിറഞ്ഞിരിക്കയാണ് സമൂഹത്തിൽ, എന്നാൽ എല്ലാ നല്ലതിനും അവർ ബഹുമതി സ്വയം എടുക്കുകയും ചെയ്യും. ജ്ഞാനിയായവൻ പറഞ്ഞു, "നാശത്തിനു മുമ്പെ ഗർവ്വം, വീഴ്ച്ചക്കു മുമ്പെ ഉന്നതഭാവം" (സദൃശവാക്യങ്ങൾ 16:18; കെജെവി). ആ സത്യം അക്ഷരാർത്ഥത്തിൽ വരച്ചുവെച്ചിരിക്കയാണ് റോമിൽ. 1 മുതൽ 8 വരെയുള്ള വാക്യങ്ങളനുസരിച്ച്, റോമിന്റെ വീഴ്ച്ചക്കുള്ള പ്രാഥമിക കാരണം, അവളുടെ നിഗളമായിരുന്നു. അവളുടെ ധാർഷ്ട്യത്തോടൊപ്പം നൂറുകണക്കിന് മറ്റു പാപങ്ങളുമായപ്പോൾ, "ആകാശത്തോളം ഉയരുകയും" അത് ഉടനെ ദൈവം "ഓർക്കുവാൻ" ഇടയാവുകയും ചേയ്തു. താൻ "നിത്യ" യാണെന്ന് റോമിന് തോന്നി; അവൾ വ്യത്യസ്തയായി കാണപ്പെടും.

കാലഭേദം വരുത്തിയ ഒരു വലിയ ബിംബത്തെ കുറിച്ച് പെഴ്സി ബി. ഷെല്ലി എഴുതി, "സ്തംഭമില്ലാത്ത രണ്ട് വലിയ കാലുകൾ," "മരുഭൂമിയിൽ നിൽക്കുന്നു." കാലുകൾക്ക് അടുത്തായി, "മണലിൽ, പകുതി മറഞ്ഞ" തലതല്ലി തകർക്കപ്പെട്ട്, "നെറ്റിയിലും ചുണ്ടിലും ചുളിവുകളോടെ, മരവിച്ച കല്പനകളുടെ വെറുപ്പുളവാക്കുകയാണ്."

> പീഠത്തിൽ താഴെയുള്ള വാക്കുകൾ കാണാം:
> "എന്റെ പേർ, രാജാക്കന്മാരുടെ രാജാവായ ഒസിമാന്റിയസ്;
> ശക്തനും, നിരാശനുമേ, എന്റെ പ്രവൃത്തികളെ നോക്കുക."

ഷെല്ലി ഇങ്ങനെ ഉപസംഹരിച്ചു,

> അരുകിൽ ഒന്നുമില്ല. നാശത്തിനു ചുറ്റും
> ആ ഭീമാകാരമായതിന്റെ വിപത്ത്, അതിനെ അതിരില്ലാതെ ശുന്യമാക്കി,
> മണൽ നിരപ്പിൽ തനിയെ കൈമലർത്തി കിടക്കുന്നു.[25]

കവി വരച്ചുകാണിച്ച ഭീമാകാരമായ പ്രതിമ ഉപേക്ഷിക്കപ്പെട്ടതു നോക്കുക. പിന്നെ വെളിപ്പാട് 18:2, 22, 23 ലെ തരിശാക്കപ്പെട്ട റോമിനെ നോക്കുക. നിഗളത്തിന്റെ അനന്തരഫലത്തെ മനസിലാക്കുക. പഴയനിയമം നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും. "മനോവിനയമുള്ളവനോ മാനം പ്രാപിക്കും" (സദൃശവാക്യങ്ങൾ 29:23). പുതിയനിയമം പറയുന്നത്, "തന്നെത്താൽ താഴ്ത്തപ്പെടുന്നവൻ ഉയർത്തപ്പെടും, തന്നെത്താൻ ഉയർത്തപ്പെടുന്നവൻ എല്ലാം താഴ്ത്തപ്പെടും" (ലൂക്കൊസ് 14:11). നമുക്ക് ഓരോരുത്തർക്കും നമ്മുടെ ദൈവത്തോടുകൂടെ താഴ്മയോടെ നടക്കുവാൻ ശീലിക്കാം (മീഖാ. 6:8).

## സമ്പൽസമൃദ്ധമാണ്, പക്ഷെ വഷളാണ്
## (18:3, 7, 9, 12-14)

റോം വീഴുവാനുള്ള ഒരു കാരണം ആയിരുന്നു നിഗളം. വാക്യം 7 ഒന്നു കൂടെ വായിച്ചാൽ മറ്റൊരു കാരണം കൂടെ കാണാം.[26] "അവൾ തന്നെത്താൻ മഹത്വീകരിക്കുകയും *പുളെച്ചു ജീവിക്കയും ചെയ്തു*."[27] (എംഫസിസ് മൈൻ.) എന്റെ കയ്യിലുള്ള എൻഏഎസ്ബിയുടെ മാർജിനിൽ "പുളെച്ചു" എന്ന കുറിപ്പ് കാണാം: "അല്ലെങ്കിൽ, ആഡംബരമായി" എന്നാണ്. വാക്യം 3–ൽ അടിസ്ഥാനപരമായി ആ വാക്ക് ഉപയോഗിച്ചിരിക്കുന്നു, "അത് അവളുടെ പുളെപ്പിന്റെ [അല്ലെങ്കിൽ ആഡംബരത്തിന്റെ]" ആധിക്യം വെളിപ്പെടുത്തുന്നു, പിന്നെ വാക്യം 9 ൽ: "ഭൂരാജാക്കന്മാർ ... അവളുമായി വേശ്യാസംഗം ചെയ്തു പുളെച്ചിരിക്കുന്നു [അല്ലെങ്കിൽ ആഡംബരത്തിലായിരിക്കുന്നു]" എന്നാണുള്ളത്.

ഗ്രീക്ക് വാക്ക് തർജിമ ചെയ്ത വാക്കായ "പുളെപ്പ്," "പുളെച്ചിരിക്കുന്നു" എന്നത് പുതിയനിയമത്തിൽ ഇവിടെ മാത്രമെ കാണുന്നുള്ളു. ഐ. ടി. ബെക്ക്വിത്ത് പറഞ്ഞു, ആ വാക്കുകളിൽ അടങ്ങിയിരിക്കുന്ന ആശയം, "അമിതമായ ആഡംബരവും സ്വയം-രസിപ്പിക്കലും, ധാർഷ്ട്യവും, അനിയന്ത്രിതമായ പരിശീലനവും അടങ്ങുന്നതാണ്."[28] മൂല ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത്, "മറ്റുള്ളവർ ഇല്ലായ്മയിലായിരിക്കുമ്പോൾ, അഹങ്കാരത്തിലും ആഡംബരത്തിലുമായിരിക്കുന്നതാണ്. അതിനർത്ഥം, മറ്റുള്ളവരുടെ ആവശ്യങ്ങൾ ഗണ്യമാക്കാതെ, സമ്പത്തും സുഖവും കൈവശമാക്കുക എന്നാണ്."[29]

റോമിലുള്ള പലരും "ആഡംബരത്തിലായിരുന്നു ജീവിച്ചിരുന്നത്" എന്നായിരിക്കും ശരിയായ വിവരണം.

> ഈ വിധത്തിൽ ധനം റോമിലേക്ക് ഒഴുകിക്കൊണ്ടിരുന്നു ... "ബ്രിട്ടീഷ് കനാൽ മുതൽ ഗംഗ വരെയുള്ള എല്ലാ ദേശങ്ങളുടേയും പ്രത്യേക ഉൽപന്നങ്ങളും ലാവണ്യങ്ങളും, നീണ്ട സമാധാനവും കടൽസുരക്ഷിതത്വവും, സ്വതന്ത്ര [വ്യാപാര കേന്ദ്രവും] റോമിലായിരുന്നു."[30]

ലോകത്തിന്റെ പല ഭാഗത്തുനിന്നും ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്തിരുന്നതിന്റെ ഉദാഹരണം നമുക്ക് വാക്യം 12 ഉം 13 ഉം നൽകുന്നു:

> ഭൂമിയിലെ വ്യാപാരികൾ, പൊന്ന്, വെള്ളി, മുത്ത്, നേരിയ തുണി, ധൂമ്രവസ്ത്രം, പട്ട്, കടുഞ്ചുവപ്പ്, ചന്ദനത്തരങ്ങൾ, ആനക്കൊമ്പുകൊണ്ടുള്ള സകല സാധനങ്ങൾ, വിലയേറിയ മരവും പിച്ചളയും, ഇരുമ്പും മർമ്മക്കല്ലും കൊണ്ടുള്ള ഓരോ സാമാനം, ലവംഗം, ഏലം, ധൂപവർഗ്ഗം, മൂറ്, കുന്തുരുക്കം, വീഞ്ഞ്, എണ്ണ, നേരിയ മാവ്, കോതമ്പ്, കന്നുകാലി, ആട്, കുതിര, രഥം, മാനുഷദേഹം, മാനുഷപ്രാണൻ എന്നീ ചരക്ക് ആരും ഇനി വാങ്ങായ്കയാൽ അവളെച്ചൊല്ലി കരഞ്ഞു ദുഃഖിക്കുന്നു ...[31]

പൊന്ന്, ആനക്കൊമ്പ്, വിലയേറിയ മരങ്ങൾ, ധൂപവർഗ്ഗവും കോതമ്പും വടക്കെ ആഫ്രിക്കയിൽനിന്നും; വിലയേറിയ രത്നങ്ങളും, മുത്തുകളും ഇന്ത്യയിൽനിന്നും, നേരിയ തുണിയും സുഗന്ധവ്യഞ്ജനവും, ചൈനയിൽനിന്നും, പിച്ചള കൊരിന്തിൽനിന്നും; ഇരിമ്പ് കരിങ്കടലിൽനിന്നും സ്പെയിനിൽനിന്നും; സുഗന്ധവർഗവും കുന്തുരുക്കവും അറേബ്യയിൽനിന്നും, മൂര് മേദ്യയിൽനി

ന്നുമായിരുന്നു; കുതിരകൾ അർമേനിയയിൽനിന്നും, രഥങ്ങൾ ഗൗളിൽനിന്നുമായിരുന്നു; അവയുടെ ഉത്ഭവ രാജ്യമൊഴിച്ച് മറ്റെല്ലാ രാജ്യത്തിനും അവയെല്ലാം വിലകൂടിയ ആഡംബര വസ്തുക്കളായിരുന്നു.

റോമിന് അലംഭാവമില്ലാത്ത പുതിയതും വ്യത്യസ്തവുമായ ആർത്തിയാണ് ഉണ്ടായിരുന്നത്. "എല്ലാ ആഡംബര വസ്തുക്കൾക്കും" പുറമെ ആഹ്ലാദിപ്പിക്കുന്ന പഴങ്ങളും[32] അവൾ മോഹിച്ചിരുന്നതായി വാക്യം 14 പറയുന്നു. "ആർഭാടം" എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരുപക്ഷെ വിദേശ ഭക്ഷണം[33] ആയിരിക്കാം. "ശോ' " എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം ആർഭാടത്തിലുള്ള വസ്ത്രവും ആഭരണവും എന്നാണ്.[34]

റോമിന്റെ ധാരാളിത്തം ഏതാണ്ട് അവിശ്വസനീയമായിരുന്നു:

> നീറോയുടെ ഒരു വിരുന്നിന് മിസ്രയിം റോസാ പുഷ്പങ്ങൾക്ക് മാത്രം ഏതാണ് $100,000 ചെലവിട്ടിരുന്നു. വിറ്റെല്ലിയസിന് മയിലിന്റെ തലച്ചോറും നൈറ്റിംഗേലിന്റെ നാവുകളും ആയിരുന്നു അഭിരുചി. അയാളുടെ വാഴ്ച്ചക്കാലത്ത് ഒരു വർഷത്തിനുള്ളിൽ ആഹാരത്തിനു മാത്രമായി $20,000,000 പാഴാക്കിയിരുന്നു. ജീവിക്കുവാൻ - ഏതാണ്ട് $300,000 വേണ്ടിവരുമെന്ന നിർഭാഗ്യം മനസിലാക്കിയ ഒരു റോമാക്കാരൻ ആത്മഹത്യ ചെയ്യുവാൻ മടിച്ചിരുന്നില്ല - താൽമൂദിൽ എഴുതിയിരിക്കുന്നത്, "പത്ത് അളവ് ധനമായിരുന്നു ലോകത്തിലുണ്ടായിരുന്നത്; എന്നാൽ അതിൽ, ഒമ്പതു ഭാഗവും റോമിലായിരുന്നു, ലോകത്തിലുള്ള മറ്റു രാജ്യങ്ങളിലാകെ [ഒരുഭാഗം] മാത്രമാണുണ്ടായിരുന്നത്."[35]

അത്യാഗ്രഹത്തെയും ആഡംബരത്തെയും കുറിച്ച് പുരാതന എഴുത്തുകാരൻ പറഞ്ഞത്, "അത്തരം പകർച്ചവ്യാധികൾ ഏതൊരു വലിയ സംസ്ഥാനത്തെയും നശിപ്പിക്കും."[36] "ചിലർ ദൈവസ്നേഹികളാകുന്നതിനുപകരം ഭോഗപ്രിയരാണ്" എന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (2 തിമൊഥെയൊസ് 3:4). ഇതു പറയുമ്പോൾ രണ്ട് എഴുത്തുകാരുടേയും ഉള്ളിൽ ഉണ്ടായിരുന്നത് റോം ആയിരുന്നേക്കാം.

ഒരുപക്ഷെ നാം ആരും റോമിന്റെ അമിത വ്യയവും പാഴാക്കലും ഉള്ളവരായിരിക്കയില്ല; പക്ഷെ നാം ചിലപ്പോൾ ദൈവത്തിന്റെ നല്ല ഗൃഹവിചാരകന്മാരായി പ്രവർത്തിക്കുന്നില്ലെന്ന് ആത്മാർത്ഥതയോടെ പറയേണ്ടിവരും. പാഴാക്കലിനെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നുണ്ട് (ലൂക്കൊസ് 15:13);[37] അയ്യായിരം പേരെ പോഷിപ്പിച്ച ശേഷം ബാക്കി വന്നത് ശേഖരിക്കുവാനാണ് യേശു പറഞ്ഞത് (മത്തായി 14:20).

യജമാനൻ ഗൃഹവിചാരകന്റെ കയ്യിൽ ഏൽപിച്ച വസ്തു നാനാവിധമാക്കി കളഞ്ഞതിനെ കുറിച്ചുള്ള ഉപമ പറഞ്ഞ്, ദൈവം നമ്മുടെ കൈകളിൽ തരുന്നതിനെ ശ്രദ്ധിക്കുവാനും സൂക്ഷിക്കുവാനും നിർദ്ദേശിക്കുന്നു (ലൂക്കൊസ് 16:1). യേശു പറഞ്ഞു,

> നിങ്ങൾ അനീതിയുള്ള മാമോനിൽ വിശ്വസ്തരായില്ലെങ്കിൽ സത്യമായത് നിങ്ങളെ ആർ ഭരമേൽപിക്കും? അന്യമായതിൽ വിശ്വസ്തമായില്ല എങ്കിൽ നിങ്ങൾക്ക് സ്വന്തമായത് ആർ തരും? രണ്ട് യജമാനന്മാരെ സേവിപ്പാൻ ഒരു മനുഷ്യനും കഴിയുകയില്ല. അവൻ ഒരുവനെ പകെച്ചു

> മറ്റവനെ സ്നേഹിക്കും ; അല്ലെങ്കിൽ ഒരുത്തനോട് പറ്റിച്ചേർന്ന് മറ്റവനെ നിരസിക്കും. നിങ്ങൾക്ക് ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴിയുകയില്ല (ലൂക്കൊസ് 16:11-13).

മത്തായി 16:26 ഇതിനോട് യോജിക്കുന്നതാണ്: "ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന്നു എന്തു പ്രയോജനം? അല്ല, തന്റെ ജീവനെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തു മറുവില പൊടുക്കും?"

## പ്രമുഖമാണ്, പക്ഷെ കനിവില്ല
## (18:11, 13, 17)

അദ്ധ്യായം 18-ൽ ഉടനീളം കാണുന്ന വിഷയമാണ് സ്വാർത്ഥത. റോമിന്റെ പ്രശ്നം, ലൂക്കൊസ് 16:19-31 ലെ ധനവാനായിരുന്ന യുവാവിനോട് ഉപമിക്കാവുന്നതാണ്, അല്ലെങ്കിൽ ലൂക്കൊസ് 12:16-21 ലെ മൂഢനായ ധനവാനോട് ഉപമിക്കാവുന്നതാണ്, അവൻ തന്നോടുതന്നെ പറഞ്ഞു, "നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തു - വക സ്വരൂപിച്ചുവെച്ചിരിക്കുന്നു; ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറയും" (വാ. 19). രണ്ടുപേരും തന്നെ കുറിച്ചാണ്, മറ്റുള്ളവരെ കുറിച്ചല്ല ചിന്തിച്ചത് - അത് റോമിനെ സംബന്ധിച്ചും വാസ്തവമായിരുന്നു.

ഒരു മാതൃകയായി, റോം മറ്റുള്ളവരെയും സ്വാർത്ഥരാകുവാൻ പഠിപ്പിച്ചു. അവൾ വീണപ്പോൾ, അവളുടെ സ്നേഹിതന്മാരായിരുന്നവർ അവളുടെ വീഴ്ച്ച തങ്ങളെ എങ്ങനെ ബാധിക്കുമെന്ന് ചിന്തിച്ചിരുന്നില്ല (വാ. 11, 17 നോക്കുക).

12 ഉം 13 ഉം വാക്യങ്ങളിൽ കാണുന്ന അവരുടെ ഇറക്കുമതി വസ്തുക്കളെ നോക്കിയാൽ, റോമിന്റെ മരവിച്ച സ്വാർത്ഥത കാണാവുന്നതാണ് (ഞാൻ മുമ്പ് വിട്ടുപോയ വസ്തുക്കൾ). ആ ലിസ്റ്റ് അവസാനിപ്പിക്കുന്നത്, "കപ്പൽച്ചരക്കുകളും, കുതിരകളും, രഥങ്ങളും, *അടിമകളും, മനുഷ്യരും*"[38] (എംഫസിസ് മൈൻ). റോമാ സാമ്രാജ്യത്തിൽ ജീവിതം വില കുറഞ്ഞതായിരുന്നു.

> റോമിലെ ജനസംഖ്യയുടെ മൂന്നിലൊന്ന് അടിമയാക്കപ്പെടുകയും,[39] സാമ്രാജ്യത്തിലെ വലിയ അടിമച്ചന്തയിൽ 10,000 മനുഷ്യരെ ലേലം ചെയ്യുന്നത് അസാധാരണമായിരുന്നില്ല. സാമ്രാജ്യത്തിൽ ഒരുപക്ഷെ 60 ദശലക്ഷം അടിമകളുണ്ടായിരുന്നേക്കാം. ആളുകളെ മരസാധനങ്ങൾ പോലെ വാങ്ങുകയും വിൽക്കുകയും ചെയ്യുകയും ദുരുപയോഗം ചെയ്യുകയും ചെയ്തിരുന്നു.[40]

"അടിമകളും മനുഷ്യജീവിതവും" എന്നത് അക്ഷരികമായി തർജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം, "മനുഷ്യരുടെ ശരീരങ്ങളും[41] ആത്മാക്കളും" എന്നാണ്. അടിമകളുടെ യജമാനന്മാർ വിചാരിച്ചിരുന്നത്, തങ്ങളുടെ കയ്യിൽ ആളുകളും, ശരീരങ്ങളും, ആത്മാക്കളും ഉണ്ടെന്നാണ്. ആ വാക്കുകൾ സൂചിപ്പിക്കുന്നത്, "മാനുഷിക കന്നുകാലികൾ" എന്നാണെന്ന് ഹെന്റി സ്വെറ്റ് എഴുതിയിരിക്കുന്നു. "ധനികമായ [വീട്ടുപകരണങ്ങളെപോലെ] മനുഷ്യജീവിതത്തെ [വേശ്യാലയങ്ങളെ] പോലെ ഉപയോഗിച്ച് തിയേറ്ററുകളെ മൃഗീയ സുഖഭോഗത്തിനായി ഉപയോഗിച്ചിരുന്നു."[42]

റോമിന്റെ പകർപ്പ് ഇന്ന് ലോകത്തിലുണ്ടോ? മനുഷ്യജീവിതത്തിന് വില കൽപിക്കാത്തവർ ഇന്നുമില്ലേ? പണമുണ്ടാക്കുന്നതിനെ കുറിച്ചു മാത്രം ചിന്തിക്കുന്നവർ തങ്ങളുടെ ജീവിതം മറ്റുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയില്ലാത്തവരാണ്. "ബലഹീനരായ അസംഖ്യം പേരെ ചൂഷണം ചെയ്ത് ദശലക്ഷക്കണക്കിന് പണമുണ്ടാക്കി മയക്ക് മരുന്നിനും അശ്ലീലചിത്രം കാണുന്നതിനും ചിലവിടുന്നു."[43] പിന്നെ ആയുധങ്ങൾ കൊണ്ട് ഭാവി ഭദ്രമാക്കുവാൻ ശ്രമിക്കുന്നവർ യുദ്ധത്തിലേർപ്പെടുകയും തൽഫലമായി ആയിരക്കണക്കിന് ആളുകൾ മരിക്കയും ചെയ്യുന്നു; വ്യഭിചാരവും ചീട്ടുകളിയും അതുപോലെയുള്ള മറ്റു പലതും ലിസ്റ്റിനോട് ചേർക്കാവുന്നതാണ്. [44]

എങ്ങനെയായാലും, നമ്മുടെ പാഠം നമ്മെ നമ്മുടെ ഭവനത്തിലേക്ക് അടുപ്പിക്കണം: പ്രാഥമികമായി നമ്മെ കുറിച്ചു മാത്രം സംസാരിക്കുകയും മറ്റുള്ളവരെ കരുതാതിരിക്കയും ചെയ്യുന്ന അവസ്ഥ നമ്മുടെ ജീവിതത്തിൽ ഉണ്ടായിക്കാണില്ലേ? ആ ചോദ്യം ചോദിക്കുമ്പോൾ നാം ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്. ജീവിതത്തിലെ ഏറ്റവും വലിയ യുദ്ധങ്ങളിലൊന്നാണ്, "സ്വ - സ്നേഹികൾ" ആകാതിരിക്കുക എന്നത് (2 തിമൊഥെയൊസ് 3:2). സ്വാർത്ഥതയെ കുറിച്ച് ഹെന്റി വാർഡ് ബീച്ചർ പറഞ്ഞു, "സ്വയമല്ലാതെ മറ്റാരും ക്ഷമിക്കാത്ത നിന്ദ്യമായ ദുരാചാരമാണ് അത്."[45]

ഫിലിപ്പിയർ 2:3, 4-ൽ പൗലൊസ് അന്തിമമായ വെല്ലുവിളി നൽകുന്നുണ്ട്: "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം." നിർവ്യാജ സ്നേഹത്തിനുള്ള തികഞ്ഞ മാതൃകയായി അവൻ ക്രിസ്തുവിനെയാണ് ചൂണ്ടിക്കാണിച്ചത് (വാ. 5-8).

യോഹന്നാൻ എഴുതി, "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട്, അവനോട് മനസലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?" (1 യോഹന്നാൻ 3:17). ആവശ്യമുള്ളവരെ റോം അവഗണിക്കുകയായിരുന്നു. ക്രിസ്തുവിന്റെ അനുയായികളായ നാം അങ്ങനെ ചെയ്യരുത്.

## നേട്ടമുള്ളവർ, പക്ഷെ ഉപദ്രവിക്കുന്നു
## (18:24)

റോമിന്റെ ഉയർന്ന ഗോപുരമായിരുന്നു ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്ന പാപം. അവൾ അത് വ്യക്തിപരമായി ചെയ്യുകയും സാമ്രാജ്യത്തിലുള്ള മറ്റുള്ളവരെ അത് ചെയ്യുവാൻ പ്രേരിപ്പിക്കയും ചെയ്തു. അദ്ധ്യായത്തിന്റെ അവസാനം റോം നശിക്കുവാനുള്ള കാരണം ദൂതൻ വിവരിക്കുന്നു, "പ്രവാചകന്മാരുടേയും ... വിശുദ്ധന്മാരുടേയും[46] ഭൂമിയിൽ വെച്ചു കൊന്നുകളഞ്ഞ എല്ലാവരുടേയും രക്തം അവളിലല്ലോ ഉള്ളത്" (വാ. 23, 24).[47]

സന്ദർഭത്തിൽ, "ഭൂമിയിൽ വെച്ച് കൊന്നവരായ എല്ലാവരും" എന്നു പറയുന്നത് രക്തസാക്ഷികളായ എല്ലാ ദൈവജനത്തെയും ഉദ്ദേശിച്ചാണ്.[48] അക്ഷരികമായി അവരെല്ലാം റോമിൽ വെച്ച് കൊല്ലപ്പെട്ടവരല്ല; എന്നാൽ റോബർട്ട് മൗൺസ് ചൂണ്ടിക്കാണിച്ചതുപോലെ, "ലോകത്തെ മുഴുവൻ ഭരിച്ചിരുന്നത് റോമായിരുന്നതുകൊണ്ട്, റോമിന്റെ കുറ്റം കൊല്ലപ്പെട്ട എല്ലാവരിലേക്കുമെത്തി. എവിടെയെല്ലാം ജീവിതം ഹോമിക്കപ്പെട്ടിട്ടുണ്ടോ അതിന്റെ എല്ലാം ഉത്തരവാ

ദിത്തം റോമിനായിരുന്നു."[49]

ഹാബേലിന്റെ രക്തം പോലും ഭൂമിയിൽനിന്ന് നിലവിളിക്കുകയാണ് (ഉൽപത്തി 4:10), അതിനാൽ രക്തസാക്ഷികളുടെ രക്തം പ്രതികാരത്തിനായി നിലവിളിക്കുകയാണ് (വെളിപ്പാട് 6:9, 10 നോക്കുക). നീതി നിർവ്വഹിക്കപ്പെടണം. തുലാസ് തുല്യമാകണം.

**ഉപസംഹാരം**

ദൈവം റോമിന് പ്രതിഫലം നൽകിയപ്പോൾ, *എങ്ങനെ* തുലാസ് സമമായി എന്ന് നമ്മുടെ അടുത്ത പാഠത്തിൽ, നാം ചർച്ച ചെയ്യും (18:6, 7); എന്നാൽ ഇപ്പോൾ, ഞാൻ ഊന്നൽ കൊടുക്കുവാനാഗ്രഹിക്കുന്നത്, "*എന്തുകൊണ്ട്* റോമിനെ തൂക്കി നോക്കി ... കുറവുള്ളതായി കണ്ടു" എന്നതിനാണ്. ചുരുങ്ങിയത് ആറു കാരണങ്ങൾ നമ്മുടെ വേദഭാഗം പറയുന്നു: അവൾ സുന്ദരിയായിരുന്നു, പക്ഷെ അവളുടെ പാപം സ്വർഗത്തോളം ഉയർന്നിരുന്നു. അവൾ ശക്തയായിരുന്നു, പക്ഷെ അവളുടെ സ്വാധീനം നന്മക്ക് പകരം തിന്മക്കായി ഉപയോഗിച്ചു. അവൾ പ്രചാരമുള്ളവളായിരുന്നു പക്ഷെ അഹംഭാവം നിറഞ്ഞിരുന്നു. അവൾ ധനികയായിരുന്നു, പക്ഷെ അവിശ്വസനീയമായി പാഴാക്കിക്കൊണ്ടിരുന്നു. അവൾ വിജയിയായിരുന്നു പക്ഷെ മറ്റുള്ളവരെ കുറിച്ച് കരുതലില്ലാത്തവളായിരുന്നു. അവസാനത്തെ ഘടകം (അതിൽത്തന്നെയുള്ള തുലാസിലെ "കുറവായിരുന്നു") അതായത് അവൾ വിശുദ്ധന്മാരെ കൊന്നതായിരുന്നു.

എന്നെ തെറ്റിദ്ധരിക്കരുത്. സൗന്ദര്യമുള്ളവരാകുക, ശക്തിയുള്ളവരാകുക, ധനികരാകുക, പ്രചാരമുള്ളവരാകുക, അല്ലെങ്കിൽ വിജയിക്കുക എന്നതൊന്നും – നാം നമ്മുടെ അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നാണെന്നു തിരിച്ചറിഞ്ഞ്, അവ മറ്റുള്ളവർ അനുഗ്രഹിക്കപ്പെടേണ്ടതിന്ന് ദൈവനാമമഹത്വത്തിനായി ഉപയോഗിക്കുന്നേടത്തോളം തെറ്റല്ല എന്നു പറയട്ടെ. പലപ്പോഴും അങ്ങനെയല്ല സംഭവിക്കുന്നത്. പൗലൊസ് പറയുന്നത്, "ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശത്തിനിരയാവുകയും ചെയ്യും" (1 തിമൊഥെയൊസ് 6:9). അതേ പ്രസ്താവന സൗന്ദര്യത്തിലും, ശക്തിയിലും, പ്രചാരത്തിലും, അല്ലെങ്കിൽ വിജയത്തിലും ആശ്രയിക്കുന്നവരുടെ കാര്യത്തിലും അത് ശരിയാണ്.

പിന്നീട് വരുന്ന ഒരു പാഠത്തിൽ നാം വാക്യം 4 ലെ പ്രബോധനം ചർച്ച ചെയ്യുന്നതാണ്: "എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും, അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിക്കാൻ അവളെ വിട്ടുപോരുവിൻ." നമ്മുടെ ഈ പാഠത്തിന്റെ ഊന്നൽ അനുസരിച്ച്, നമുക്ക് ഈ പ്രായോഗികത വരുത്താം: ബാബിലോന്റെ നിലവാരം സ്വീകരിക്കരുത്. നമ്മെ വശീകരിക്കുന്ന ലോകത്തിനു വേണ്ടി നിലകൊള്ളുകയാണ് ബാബിലോൺ/റോം. അവളുടെ മൂല്യവ്യവസ്ഥിതി നാം സ്വീകരിക്കാതെ നോക്കണം. "ഈ ലോകത്തിന് അനുരൂപപ്പെടാതെ ദൈവഹിതമെന്തെന്ന് തിരിച്ചറിയയേണ്ടതിന് മനസ് പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2).

നാമും "തുലാസിൽ തൂക്കിനോക്കി ... കുറവുള്ളവരായി"[50] കാണാതിരിക്കേണതിന്ന് നമുക്ക് കർത്താവിങ്കലേക്ക് ഓടി അവനെ പിൻപറ്റാം.

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

നിങ്ങൾ മുഖ്യ പോയിന്റുകളായ "പീകളുടെ" പുനരുൽപാദനത്തെ ശ്രദ്ധിച്ചില്ലെങ്കിൽ, ആ പ്രയോഗത്തിനു പകരമായി, "ബ്യുട്ടിഫുൾ, ബട്ട് ബാഡ്,"; "സക്സസ്ഫുൾ, ബട്ട് സെൽഫിഷ്," "വെൽത്തി ബട്ട് വെയിസ്റ്റ്ഫുൾ." നിങ്ങൾക്ക് വേണമെങ്കിൽ ഉപസംഹാരത്തിന്റെ തുടക്കത്തിൽ ഉപയോഗിച്ച ലളിതമായ വാക്കുകൾ ഉപയോഗിക്കാം.

താൽപര്യമെങ്കിൽ അദ്ധ്യായം 18 ഒരൊറ്റ പാഠമായി ഉപയോഗിക്കാം. നിങ്ങളുടെ അടിസ്ഥാന ബാഹ്യരൂപരേഖക്ക് അടുത്ത പാഠമായ "ദൈവം വെളിച്ചം ഇല്ലാതാക്കുമ്പോൾ" എന്നത് ഉപയോഗിക്കാം. പിന്നെ "എന്റെ ജനമായുള്ളോരേ, അവളിലിൽനിന്നു വിട്ടുപോരുവിൻ" എന്ന പാഠത്തിന്റെ കുറിപ്പുകൾ കൂടെ ചേർക്കുക.

---

കുറിപ്പുകൾ

[1]ഇതുപോലെയുള്ള പെരുന്നാളുകളുടെ ബഹളങ്ങൾ ദിവസങ്ങളോളവും ആഴ്ച്ചകളോളവും നീണ്ടുനിൽക്കും. അത് ഒരു മദിരോൽസവമാണെന്ന് പറയുന്നത് അസ്ഥാനത്താകും. [2]ദാനിയേൽ 5:4 ലെ ഭാഷയിൽ ഇത് അന്തർലീനമാണ്. യെരുശലേമിലെ ദൈവാലയം നശിപ്പിക്കപ്പെട്ടതുകൊണ്ട്, തങ്ങളുടെ ദേവന്മാരേക്കാൾ കുറഞ്ഞവനാണ് യിസ്രായേല്യരുടെ ദൈവം എന്ന് *അവർ* വിശ്വസിച്ചിരിക്കാം. [3]"മെനെ" എന്നത് എബ്രായ പദത്തിൽനിന്നുള്ള വാക്കാണ്, അർത്ഥം, "എണ്ണുക" എന്നാണ്. [4]"തെക്കേൽ" എന്നത് ഒരുപക്ഷെ എബ്രായ ക്രിയാവാക്കിൽനിന്നായിരിക്കാം വരുന്നത്, അർത്ഥം "തൂക്കി നോക്കുക" എന്നാണ്. [5]"ഊർഫസിൻ" എന്നതിന് ദ്വയാർത്ഥമാണുള്ളത്. അത് എബ്രായ ക്രിയയിൽനിന്നു വന്നതാണ്, അർത്ഥം, "വിഭാഗിക്കുക" എന്നാണ്. കൂടാതെ ബന്ധപ്പെട്ട എബ്രായ പദമാണ് *പെരെസ്* (വാ. 28 നോക്കുക). അത് "പേർഷ്യൻ" എന്ന വാക്ക് പോലെയാണ് (വാ. 28 ഇനിയും നോക്കുക). [6]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ, "ബാബിലോൻ നിങ്ങളെ വഴി തെറ്റിക്കുമ്പോൾ" എന്ന പാഠം നോക്കുക. [7]ദാനിയേൽ റസൽ, *പ്രീച്ചിങ്ങ് ദ അപോകാലിപ്സ്* (ന്യുയോർക്ക്: അബിങ്ങ്ടൺ പ്രസ്, 1935), 206. [8]അദ്ധ്യായം 18 ലെ വിവരണം റോമിന് തികച്ചും യോജിക്കുന്നതായിരുന്നു - യോഹന്നാന്റെ കാലത്ത് "മഹതിയാം ബാബിലോൻ" റോമായിരുന്നു എന്നതിനുള്ള തെളിവും നൽകുന്നു. [9]പുരാതന ലോകത്ത് മുത്തുകൾക്ക് വിലയേറിയിരുന്നു (21:21). [10]എഡ്ഗർ അലൻ പോ, "ടു ഹെലെൻ" (1831), എസ്ടി. 2 ക്വോട്ടഡ് ഇൻ ജോൺ ബാർലെറ്റ്, ബാർലെറ്റ്സ്, ഫെമിലിയർ ക്വൊട്ടേഷൻസ്, 16 ത് എഡി. ജസ്റ്റിൻ കാപ്ലിൻ (ബോസ്റ്റൻ: ലിറ്റിൽ, ബ്രൗൺ & കമ്പനി., 1922), 451.

[11]ഈ. എ. ജഡ്ജ്, "റോം" *ബേക്കർ എൻസൈക്ലോപീഡിയ ഓഫ് ബൈബിൾ പ്ലേസസ്*, കൺസൾട്ടിങ്ങ് എഡി. ജോൺ ജെ. ബിംസൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക്സ്, 1995), 268. [12]"കൂട്ടിച്ചേർത്തു" എന്ന വാക്കിനുപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അക്ഷരികമായ അർത്ഥം, "ഒട്ടിച്ചുചേർക്കുക" എന്നാണ്. [13]ബാബേലിന്റെയും സോരിന്റേയും നാശത്തെ പ്രതിപാദിക്കുന്ന പഴയനിയമ വേദഭാഗങ്ങളാണ് അധികവും അദ്ധ്യായം 18-ൽ ഉദ്ധരിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, ഈ വേദഭാഗത്തിൽ യിരെമ്യാവ് 51:9 ആണ് ഉദ്ധരിച്ചത് (എസ്രാ 9:6 നോക്കുക). പഴയനിയമ ഉദ്ധരണികൾ ചിലത് ഈ പാഠത്തിലും മറ്റു ചിലത് അടുത്ത പാഠത്തിലും ഉപയോഗിച്ചിരിക്കുന്നു. അദ്ധ്യായത്തിന്റെ പ്രത്യേക ഘടന നമുക്ക് അടുത്ത പാഠത്തിൽ

പഠിക്കാം. [14]തോമസ് ഫുള്ളർ, “ദ ഹോളി സ്റ്റേറ്റ് ആന്റ് ദ പ്രൊഫെയിൻ സ്റ്റേറ്റ്” (1642). ക്വോട്ടഡ് ഇൻ ലൂയിസ് കോപ്ലാന്റ്, എഡി., *പോപുലർ ക്വൊട്ടേഷൻസ് ഫോർ ആൾ യൂസസ്,* റെവ., എഡി., (ഗാർഡൻ സിറ്റി, ന്യുയോർക്ക്.: ഡബിൾഡേ & കമ്പനി., 1961), 414. [15]വില്യം ബാർക്ക്ലേ, *ദ റെവലേഷൻ ഓഫ് ജോൺ,* വാല്യം. 2 റെവ. എഡി., ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1976), 145. *വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ “ബാബിലോൻ നിങ്ങളെ വഴി തെറ്റിക്കുവാൻ ശ്രമിക്കുമ്പോൾ” എന്ന പാഠത്തിൽ റോമൻ ചരിത്രകാരന്മാരുടെ ചില ഉദ്ധരണികൾ കാണാം. [16]ജി. ബി. കെയിഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 226. പ്തോലിയിലായിരുന്നു പൗലൊസ് സഞ്ചരിച്ച കപ്പൽ അറ്റകുറ്റപ്പണിക്കായി നിർത്തിയിരുന്നത്. മിസ്രയിമിൽനിന്നും പൂർവ്വദിക്കുകളിൽനിന്നുമുള്ള സഞ്ചാരികൾക്ക് ഒരിടത്താവള തുറമുഖവുമായിരുന്നു പ്തോലി. റോമിന്റെ കപ്പൽചരക്കുകളുടേയും തിബര്യാസ് നദിയുടെ കവാടവുമായിരുന്നു ഓസ്റ്റിയ. [17]*വെളിപ്പാട്, 4* എന്ന പുസ്തകത്തിലെ “മഹാ വഞ്ചകൻ” എന്ന പാഠം നോക്കുക. [18]കെയിഡ് 231. [19]ജോർജ് എൽഡൻ ലോഡ്, *എ കമെന്ററി ഓൺ ദ റെവലേഷൻ ഓൺ ജോൺ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1972), 238-43. [20]ഹോമർ ഹെയ്‌ലി, *റെവലേഷൻ: ആൻ ഇൻട്രോഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 372. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് യോജിക്കുന്ന പ്രായോഗികത നിങ്ങൾക്ക് വരുത്താം - ഭൗതികത എപ്രകാരം സമൂഹത്തെ ബാധിച്ചിരിക്കുന്നു എന്ന് ശ്രദ്ധിക്കുക. പല വ്യാഖ്യാതാക്കളും അമേരിക്കയെ ഉദാഹരണമായി പറയുന്നു.

[21]കോട്ടഡ് ഇൻ കോപ്ലാന്റ്, 243. [22]“ദാരിദ്ര്യത്തിനും നിസഹായതക്കും ഉദാഹരണമായി വിധവമാരെയാണ് ബൈബിൾ വ്യാഖ്യാതാക്കൾ വരച്ചുകാണിക്കുന്നത്” (ജി. ആർ. ബീസ്ലേ-മുറേ, ദ ബുക്ക് ഓഫ് റെവലേഷൻ, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974], 266). [23]വാക്യം 7 യെശയ്യാവ് 47:7, 8 മായി താരതമ്യം ചെയ്യുക. [24]കെയിഡ് 223. [25]പെഴ്സി ബി. ഷെല്ലി, “ഒസിമാന്റിയാസ്” (1817). ക്വോട്ടഡ് ഇൻ ബാർലെറ്റ്, 406. [26]പാഠത്തിലെ ഈ ഭാഗത്തിന് ഓരോ പ്രദേശവുമനുസരിച്ച് പ്രായോഗികത വ്യത്യസ്തമായിരിക്കാം. ലോകത്തിലെ ചില ഭാഗത്ത്, അനവധിപേർ ആഡംബരത്തിലും കുറച്ചുപേർ ദാരിദ്ര്യത്തിലുമായിരിക്കും. മറ്റുഭാഗത്ത്, കുറച്ചുപേർ ആഡംബരത്തിലും ധാരാളം പേർ ദാരിദ്ര്യത്തിലുമായിരിക്കും. അധികമായാലും, കുറച്ചായാലും, സാഹചര്യം എങ്ങനെയായാലും, നാം മറ്റുള്ളവരുടെ ആവശ്യങ്ങളെ കുറിച്ച് ബോധ്യമുള്ളവരാകണം. [27]കെജെവിയിൽ ആ പ്രയോഗം “ലിവ്ഡ് ഡെലീഷിയസ്ലി” എന്നാണ്. [28]ഐ. ടി. ബെക്കിത്ത്, ദ അപോകാലിപ്സ് ഓഫ് ജോൺ, 713. ക്വോട്ടഡ് ഇൻ റോബർട്ട് മൗൺസ്, ദ ബുക്ക് ഓഫ് റെവലേഷൻ, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 324. [29]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി, വാല്യം. 2 (വീറ്റൺ Ill.: വിക്ടർ ബുക്സ്, 1989), 615. [30]ബാർക്ലേ, 155.

[31]നാം പറഞ്ഞ ലിസ്റ്റിനോട് ഇനിയും കൂട്ടിച്ചേർക്കുവാൻ കഴിയും (മൂലഗ്രീക്കിൽ പറഞ്ഞിരിക്കുന്നതും അതിന്റെ ശരിയായ അർത്ഥങ്ങളും). ഉദാഹരണത്തിന്, “സിട്രോൺ മരം” ആകർഷണീയമായ വരകളുള്ളതും മോഹിപ്പിക്കുന്നതുമായ തടിയായിരുന്നു. വീണ്ടും “രഥങ്ങൾ” എന്നതിനുള്ള ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന വാക്ക്

സൂചിപ്പിക്കുന്നത്, ധനികന്മാർക്ക് മാത്രം ഉപയോഗിക്കാവുന്ന തരം നാല് ചക്രമുള്ള രഥങ്ങളെയാണ്. എങ്ങനെയായാലും പരിശുദ്ധാത്മാവ് ഉദ്ദേശിച്ച അർത്ഥം മനസിലാക്കുവാൻ ഇംഗ്ലീഷ് വാക്കുകൾ മതിയാകും. [32]"ഫ്രൂട്ട്സ്" എന്നതിനുള്ള ഗ്രീക്ക് വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. സീസന്റെ അവസാനം ലഭ്യമാകുന്ന ചാറുള്ള പഴങ്ങളെയാണ് ഉദ്ദേശിക്കുന്നത്. [33]"സെൻഷ്വസ്" അല്ലെങ്കിൽ "ലക്ഷ്വറിയസ്" എന്നതിൽനിന്നു വ്യത്യസ്തമായ വാക്കാണ് അദ്ധ്യായത്തിൽ ഇവിടെയുള്ളത്. ഗ്രീക്ക് വാക്ക് അക്ഷരികമായി സൂചിപ്പിക്കുന്നത്, "ഫാറ്റി തിങ്സ്" എന്നാണ്, എന്നാൽ അതിന് ഇംഗ്ലീഷിൽ പല തർജ്ജിമകളിലും പല വാക്കുകളാണുള്ളത്. [34]"പ്രകാശിക്കുന്ന" എന്നാണ് ആ ഗ്രീക്ക് വാക്ക് പറയുന്നത്. [35]മൗൺസ്, 329. റോമിന്റെ ആഡംബരത്തിനും തോന്ന്യാസത്തിനും കൂടുതൽ വിവരങ്ങൾക്ക് ബാർക്ക്‌ലേ, 154-64. [36]ലിവി (ടൈറ്റസ്, ബി. സി. 59 - ഏ. ഡി. 17), "ഹിസ്റ്ററി" ക്വോട്ടഡ് ഇൻ കോപ്ലാന്റ്, 293. [37]കൂടാതെ കെജെവിയിൽ സദൃശവാക്യങ്ങൾ 18:9 നോക്കുക ("വേസ്റ്റർ" എന്നതിന് "നശിപ്പിക്കുന്നവൻ" എന്നും അർത്ഥമുണ്ട്, എൻഏഎസ്ബി നോക്കുക). നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിക്കുന്ന പ്രായോഗികത വരുത്തുക. ഒരാൾ താമസിക്കുന്ന സ്ഥലവും വളർത്തപ്പെടുന്ന സാഹചര്യവുമനുസരിച്ചാണ് "പാഴാക്കൽ" എന്നതിന്റെ അർത്ഥം വരുന്നത്. ഒരാൾക്ക് "പാഴാക്കുന്നത്" മറ്റൊരാൾക്ക് അല്ലായിരിക്കാം (മത്തായി 26:8). എങ്ങനെയായാലും ബൈബിൾ അറിയാവുന്നവർ "പാഴാക്കൽ" തെറ്റാണെന്ന് സമ്മതിക്കും. [38]മാർട്ടിൻ ഫ്രാൻസ്മാൻ ഇതിനെ "പുതിയനിയമത്തിൽ അടിമത്വത്തിന് ഉപയോഗിച്ച ഏറ്റവും പരുഷമായ വാക്ക്" എന്നാണ് പറഞ്ഞത്, ആ വേദഭാഗം "വിലയേറിയ കാഴ്ച്ചയെ അടിവരയിടുന്ന മൃഗീയത്വമാണ്." (*ദ റെവലേഷൻ ടു ജോൺ* [സെന്റ്. ലൂയിസ്: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1976], 122). [39]റോമിന്റെ ജനസംഖ്യയുടെ പകുതി എന്ന് ചില വിലയിരുത്തലുകളുണ്ട്. [40]വിയേഴ്സ്ബേ, 615 (എംഫസിസ് ഹിസ്).

[41]"ആത്മാക്കൾ" എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്കിന് ചിലപ്പോൾ "ജീവിതങ്ങൾ" എന്ന് അർത്ഥമുണ്ട്. അടിമച്ചന്തയെ വിളിച്ചിരുന്നത് *സോമാറ്റെംപറസ്* എന്നാണ്. [42]ഹെന്റി ബി. സ്വെറ്റ്, *ദ അപോകാലിപ്സ് ഓഫ് സെന്റ് ജോൺ* (കെയിംബ്രിഡ്ജ് മാക്മില്ലൻ കമ്പനി., 1908; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി), 235. [43]ഫിലിപ്സ് ഈ. ഹൂഗ്സ്, *ദ ബുക്ക് ഓഫ് റെവലേഷൻ: എ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി 1990), 189. [44]നിങ്ങൾ ലിസ്റ്റ് പൂർത്തിയാക്കുക. നിങ്ങൾ താമസിക്കുന്ന സ്ഥലത്തിന് യോജിക്കുന്ന വിധത്തിൽ പ്രായോഗികത വരുത്തുക. അമേരിക്കയിൽ, ജിം മെക്ഗ്വഗിൻ ചാരായത്തിന്റേയും പുകയിലയുടേയും താൽപര്യം പറഞ്ഞതുകൊണ്ട് ഞാനും പറഞ്ഞിരിക്കുന്നു. [45]ക്വോട്ടഡ് ഇൻ. ഹെർബർട്ട് വി. പ്രോക്നോ, *എ ഡിക്ഷ്ണറി ഓഫ് വിറ്റ് വിസ്ഡം, & സാറ്റൈർ* (ന്യൂയോർക്ക്: പോപുലർ ലൈബ്രറി, 1964), 242, [46]"പ്രവാചകന്മാരും," "വിശുദ്ധന്മാരും" രണ്ട് കൂട്ടം ആളുകളല്ല: "വിശുദ്ധന്മാർ" (ക്രിസ്ത്യാനികൾ) എന്ന പൊതുവായ വിഭാഗത്തിൽ പെട്ട ഒരു കൂട്ടമാണ് "പ്രവാചകന്മാർ" രക്തസാക്ഷികളായ എല്ലാ ക്രിസ്ത്യാനികളും എന്നാണ് ആ രണ്ട് വാക്കുകൾ സൂചിപ്പിക്കുന്നത്. [47]വാക്യം 23 ഉം 24 ഉം യെഹെസ്ക്കേൽ 24:6, 7 മായി താരതമ്മ്യം ചെയ്യുക. [48]"ഭൂമിയിൽ കൊല്ലപ്പെട്ട എല്ലാവരും" എന്ന് പറഞ്ഞിരിക്കുന്നത് "റോമാക്കാരുടെ സൈനികയുദ്ധത്തിൽ കൊല്ലപ്പെട്ടവരാണ്" എന്ന് ചിലർ വിശ്വസിക്കുന്നു (ക്രിസ്ത്യാനികളും അല്ലാത്തവരും). അതു ശരിയായിരിക്കാം, എന്നാൽ ഇവിടെ ഊന്നൽ വരുത്തിയിരിക്കുന്നത് *ദൈവ*ജനത്തെ കൊന്നതാണ്. [49]മൗൺസ്, 335. യേശു അതേ പ്രസ്താവന മത്തായി 23:35-ൽ പറഞ്ഞിരിക്കുന്നു.

[50]ഈ പാഠം നിങ്ങൾ പ്രസംഗമായി അവതരിപ്പിക്കുന്നുവെങ്കിൽ നിങ്ങളുടെ സദസ്യർ ക്രിസ്ത്യാനികളായി തീരുന്നതിനും അവിശ്വസ്തരായി തീർന്ന ക്രിസ്ത്യാനികൾ യഥാസ്ഥാനപ്പെടുവാനും പ്രോൽസാഹിപ്പിക്കുക. ക്രിസ്ത്യാനിയാകുവാനുള്ള വേദ ഭാഗത്തിൽ യോഹന്നാൻ 3:16; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27 ഉം ഉൽപ്പെടുത്തുക. യഥാസ്ഥാനപ്പെടുവാനുള്ള വാക്യങ്ങളിൽ, പ്രവൃത്തികൾ 8:22; യാക്കൊബ് 5:16; 1 യോഹന്നാൻ 1:9 എന്നിവ ഉൾപ്പെടുത്തുക.

---

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. ദാനിയേൽ 5 ലെ കൈതൊടാതെയുള്ള ചുവരെഴുത്ത് സംഭവം വായിക്കുക. ആ സംഭവം വെളിപ്പാട് 18 ലെ മഹതിയാം ബാബിലോണിനോട് ഉപമിക്കാമോ? അത് ഇന്നത്തെ ആളുകൾക്ക് പ്രായോഗികത വരുത്താമോ?
2. റോർ 1:24–32–ൽ പറഞ്ഞിരിക്കുന്ന പുതിയ നിയമകാലത്തെ പാപങ്ങൾ വിവരിക്കുക. അത്തരം പാപങ്ങൾ ഇന്നുമുണ്ടോ?
3. സദൃശവാക്യങ്ങൾ 14:34 ഇപ്പോഴും സത്യമാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? നിങ്ങൾ താമസിക്കുന്ന ദേശത്തിന് ഒരു സന്ദേശം അതിലടങ്ങിയിട്ടുണ്ടോ?
4. നിങ്ങളടക്കം - എല്ലാവർക്കും സ്വാധീനശക്തിയുണ്ടെന്ന്, ബൈബിൾ പഠിപ്പിക്കുന്നുണ്ടോ? നിങ്ങളെ ക്രിയാത്മകമായോ നിഷേധാത്മകമായോ സ്വാധീനിച്ചിട്ടുള്ള ഉദാഹരണങ്ങൾ നൽകുക.
5. ബൈബിളിൽ നിഗളത്തിന് എതിരായ മുന്നറിയിപ്പുകൾ നിറഞ്ഞിരിക്കുന്നു. പാഠത്തിൽ കോടുത്തിട്ടുള്ള ഉദാഹരണങ്ങൾ കൂടാതെയുള്ളവ നിങ്ങൾക്ക് നൽകാമോ?
6. ഗൃഹവിചാരനിർവ്വഹണത്തെ സംബന്ധിച്ച ബൈബിൾ ആശയം വിവരിക്കുക. ആ ആശയം പാഴാക്കാതിരിക്കുന്നത് എങ്ങനെയെന്ന് പറയുക.
7. "പാഴാക്കൽ" വ്യത്യസ്തമായ ആളുകൾക്ക് വ്യത്യസ്തമായ അർത്ഥം ആണുള്ളത് (മത്തായി 26:8 നോക്കുക). നിങ്ങൾക്ക് അത് എന്തർത്ഥമാണുളവാക്കുന്നത്?
8. ഓരോ പാപത്തിന്റേയും കേന്ദ്രബിന്ദു സ്വാർത്ഥതയാണ് എന്ന് പലപ്പോഴും പറയപ്പെട്ടിട്ടുണ്ട്. സ്വാർത്ഥരല്ലാതിരിക്കുക പ്രയാസമാണോ?
9. അടിമത്വത്തിന്റെ നിഷേധ കാഴ്ച്ചപ്പാടാണ് നമ്മുടെ വേദഭാഗം നൽകു ന്നത്. പുതിയ നിയമം കൽപനയാലല്ല, തത്വത്തിലാണ് അടിമത്വത്തെ ഖണ്ഡിച്ചിരിക്കുന്നത്. അങ്ങനെ ചെയ്യുവാൻ കാരണം എന്താണെന്നാണ് നിങ്ങൾ കരുതുന്നത്? ആളുകൾ അടിമത്വം അവസാനിപ്പിക്കണമെന്നതിന് ആളുകളെ നിർദ്ദേശിക്കുന്ന ബൈബിൾ തത്വങ്ങളേവ?
10. റോം അതിന്റെ നിലവാരമനുസരിച്ചാണ് ലോകത്തെ സ്വാധീനിച്ചത്. ഇന്നും ലോകത്തിൽ പലരും ആ മൂല്യങ്ങളെ സ്വീകരിക്കുന്നുണ്ടോ? ലോകം നമ്മെ സ്വാധീനിക്കാതിരിക്കേണ്ടതിന് നമുക്ക് എന്തു ചെയ്യാം?